ഭരണഭാഷ-മാതൃഭാഷ

# കേരള സർക്കാർ

## നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്

നം89/ഔ.ഭാ-പ്ര.സെ (2)/2022/നിയമം തിരുവനന്തപുരം, തീയതി, 31-10-2023

സെക്രട്ടറി,
നിയമ വകുപ്പ്.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ കോളേജുകളിലേയും എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക്

സർ,

വിഷയം :- നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണസെൽ) വകുപ്പ് – ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന 1-ാം അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം " വാഗ്മി 2023" - സംബന്ധിച്ച്.

സൂചന :- സ.ഉ.(സാധാ) 722/2023/LAW തീയതി 05.07.2023

ഈ വർഷത്തെ ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി കേരളസർക്കാരിന്റെ നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കോളേജുകളിലേയും എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി " **വാഗ്മി** -2023 "എന്ന പേരിൽ ഒരു അഖില കേരള ഭരണഘടനാ പ്രസംഗമത്സരം സംഘടിപ്പിക്കുന്ന വിവരം താങ്കളെ സന്തോഷപൂർവ്വം അറിയിക്കുന്നു.

മൂന്ന് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. പ്രാഥമിക ഘട്ട മത്സരങ്ങൾ ഓൺലൈനായാണ് നടത്തുന്നത്. സെമിഫൈനൽ മത്സരങ്ങൾ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്. മത്സരത്തിൽ ഒന്നാം സമ്മാനമായി 25,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനമായി 15,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനമായി 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ് . അപേക്ഷകൾ താഴെ കാണിച്ചിരിക്കുന്ന ഇ മെയിൽ വിലാസത്തിൽ 07.11.2023 ന് 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിയമാവലി പരിശോധിക്കുക.

വിശ്വസ്തതയോടെ,

**എൻ. ജ്യോതി.**
അഡീഷണൽ നിയമ സെക്രട്ടറി,
നിയമ സെക്രട്ടറിക്കുവേണ്ടി.

ഉള്ളടക്കം :- മേൽപ്രസ്താവിച്ചത്

ഫോൺ : 0471-2517066

ഇമെയിൽ : lawolpc@gmail.com

# ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന നിയമവകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രസംഗ മത്സരം - "വാഗ്മി -2023"

## നിയമാവലി

- 2023 നവംബർ 26-നാണ് ഈ വർഷത്തെ ഭരണഘടനാദിനം. ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, ആർട്ട്സ് & സയൻസ് കോളേജുകളിലെയും, സർക്കാർ ലോ കോളേജുകളിലെയും വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി "വാഗ്മി - 2023" എന്ന പേരിൽ പ്രസംഗമത്സരം സംഘടിപ്പിച്ചിരിക്കുന്നു.

- പ്രസംഗമത്സരം മലയാളത്തിലാണ് നടത്തുന്നത്.

- ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ

- മൂന്ന് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. പ്രാഥമിക ഘട്ട മത്സരങ്ങൾ മാത്രം ഓൺലൈനായാണ് നടത്തുന്നത്. സെമിഫൈനൽ മത്സരങ്ങൾ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്.

- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ദക്ഷിണ മേഖലയായും എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾ മധ്യമേഖലയായും, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം കാസർഗോഡ് ജില്ലകൾ ഉത്തരമേഖലയായും തരം തിരച്ചാണ് മത്സരങ്ങൾ നടത്തുന്നത്.
- മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇതോടൊപ്പമുള്ള

രജിസ്ട്രേഷൻ ഫാറം പൂരിപ്പിച്ച് 27.10.2023 -ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി lawolpc@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിയെ മാത്രമാണ് മത്സരത്തിൽ പങ്കെടുപ്പിക്കുക എന്നതിനാൽ താങ്കളുടെ സ്ഥാപനത്തിൽ നിന്നും മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ഒരു വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. അപേക്ഷകൾ 27.10.2023 -ന് വൈകീട്ട് 5 മണിക്കുമുമ്പായി lawolpc@gmail.com എന്ന ഇ- മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

- ദക്ഷിണ മേഖലയിൽ ഉൾപ്പെടുന്ന ജില്ലകൾക്കുള്ള പ്രാഥമികഘട്ട മത്സരം 06-11-2023 നും മധ്യമേഖലയ്ക്ക് 07-11-2023 നും ഉത്തരമേഖലയ്ക്ക് 08.11.2023 നുമായിരിക്കും. ഗൂഗിൾ മീറ്റ് വഴിയാണ് മത്സരം നടത്തുന്നത്. രാവിലെ 11 മണിമുതൽ മത്സരം ആരംഭിക്കും. ഓരോ മത്സരാർത്ഥിക്കുമുള്ള നിശ്ചിത ടൈം സ്ലോട്ടും (Time-slot) ഉം ലിങ്കും അവർ തരുന്ന മൊബൈൽ നമ്പറിൽ അറിയിപ്പായി ലഭിക്കുന്നതായിരിക്കും. മത്സരാർത്ഥികൾ മത്സരം ആരംഭിക്കുന്നതിന് 15 മിനിട്ടുകൾക്കു മുമ്പ് തന്നെ ഓൺലൈനിൽ ലഭ്യമാകേണ്ടതാണ്. അനുവദിക്കപ്പെടുന്ന സമയത്ത് ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കേണ്ട ഉത്തരവാദിത്വം മത്സരാർത്ഥകൾക്കായിരിക്കും.

- പ്രസംഗത്തിനായി 5 മിനിട്ട് സമയമാണ് പ്രാഥമിക ഘട്ടത്തിൽ ഓരോ മത്സരാർത്ഥിക്കും ലഭിക്കുക. 10 മിനിട്ടുകൾക്ക് മുമ്പ് പ്രസംഗവിഷയം മത്സരാർത്ഥിക്ക് നൽകുന്നതാണ്.

- ഓരോ മേഖലയിലെ പ്രാഥമിക റൗണ്ടിൽ നിന്നും 9 പേരെ വീതം സെമിഫൈനലിലേക്ക് തിരഞ്ഞെടുക്കുന്നതായിരിക്കും.

- നേരിട്ടു നടത്തപ്പെടുന്ന മേഖലാതല സെമിഫൈനൽ മത്സരങ്ങളുടെ സ്ഥലം, സമയം എന്നിവ തിരഞ്ഞെടുക്കപ്പെട്ട മത്സരാർത്ഥികളെ അറിയിക്കുന്നതാണ്.

- ഓരോ മേഖലയിലെ സെമിഫൈനൽ മത്സരങ്ങളിൽ നിന്നും 3 പേരെ വീതം ഫൈനൽ മത്സരങ്ങളിലേക്ക് തെരഞ്ഞെടുക്കുന്നതായിരിക്കും.

- ഒന്നാം സമ്മാനം: 25,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- രണ്ടാം സമ്മാനം: 15,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- മൂന്നാം സമ്മാനം 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.

ഇവരെ കൂടാതെയുള്ള ഫൈനലിസ്റ്റുകളായ മത്സരാർത്ഥികൾക്ക് മെമെന്റോയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും

- മത്സരങ്ങളുടെ സമയം, ഘടന, സ്ഥലം, മുതലായവയിൽ മാറ്റം വരുത്തുന്നതിന് നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്

- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്ന മത്സരാർത്ഥിയേയും മത്സരത്തിന്റെ നിയമാവലിയും നിർദ്ദേശങ്ങളേയും ലംഘിക്കുന്ന മത്സരാർത്ഥികളേയും മത്സരത്തിൽ നിന്നും അയോഗ്യരാക്കുന്നതിനും പുറത്താക്കുന്നതിനും നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ)വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

- മത്സരഫലം സംബന്ധിച്ച വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ
പാസ്പോർട്ട്
സൈസ് ഫോട്ടോ
ഇവിടെ ഒട്ടിക്കുക

**കേരളസർക്കാർ**

**നിയമ(ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)വകുപ്പ്**

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച്

സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന

# 1-ാം അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം "വാഗ്മി -2023"

## രജിസ്ട്രേഷൻ ഫാറം

1. **മത്സരാർത്ഥിയുടെ പേര്:**
2. **കോളേജിന്റെ പേര്:**
3. **പ്രായവും ജനനത്തീയതിയും :**
4. **ലിംഗം:** പുരുഷൻ / സ്ത്രീ / ട്രാൻസ്ജെൻഡർ
5. **പഠിക്കുന്ന കോഴ്സ്:**
6. **മത്സരാർത്ഥിയുടെ മേൽവിലാസം:**
7. **മത്സരാർത്ഥിയുടെ ഇ-മെയിൽ:**
8. **മത്സരാർത്ഥിയുടെ ഫോൺ നമ്പർ:**
9. **മത്സരാർത്ഥിയുടെ ഒപ്പ്:**

സ്ഥലം: തീയതി:

## സാക്ഷ്യപത്രം

മുകളിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ ശരിയും സത്യവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മുകളിൽ സൂചിപ്പിച്ച വിദ്യാർത്ഥി എന്റെ കോളേജിൽ നിന്നും ടി മത്സരത്തിനുള്ള ഒരേയൊരു നോമിനി ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പൽ / വകുപ്പ് മേധാവിയുടെ ഒപ്പും മുദ്രയും

സ്ഥലം: തീയതി:

* മത്സരവുമായി ബന്ധപ്പെട്ട നിയമാവലി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.